# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5739 18.11.2019-ൽ മറുപടിക്ക്

## കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിന്റെ നവീകരണം

**ചോദ്യം**

ശ്രീമതി.പി. അയിഷാ പോറ്റി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിലെ ഏക സർക്കാർ മ്യൂസിയമായ കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിന്റെ നവീകരണത്തിന് ഈ സർക്കാരിന്റെ കാലയളവിൽ സ്വീകരിച്ച നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) & (ബി) | കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ കലാ മ്യൂസിയം നിലവിൽ പ്രവർത്തിക്കുന്നത് കൊട്ടാരക്കര ഗണപതി ക്ഷേത്രത്തിന് സമീപമുള്ള ഇളയിടത്ത് വലിയ കോയിക്കൽ കൊട്ടാരത്തിലാണ്. റവന്യൂ പുറമ്പോക്കിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത കെട്ടിടത്തിൽ മ്യൂസിയത്തിന്റെ പ്രദർശന വസ്തുക്കൾ, കഥകളി ചമയങ്ങൾ, കഥകളി ശിൽപങ്ങൾ എന്നിവയും പൈതൃക വസ്തുക്കളുടെ ഗ്യാലറിയും പ്രവർത്തിക്കുന്നുണ്ട്.<br><br>കൊട്ടാരക്കര തമ്പുരാന്റേതായി ഇന്ന് അവശേഷിക്കുന്ന ഏക പൈതൃക നിർമ്മിതിയാണ് ഈ കെട്ടിടം. കഥകളിക്ക് കേളികൊട്ടുയർന്നത് ഈ നിർമ്മിതികളിലാണ്. കേരള പുരാവസ്തു വകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന കഥകളി കലാമ്യൂസിയം വാടക കെട്ടിടത്തിൽ നിന്ന് 2010 ഏപ്രിൽ 15 ന് ദേവസ്വം അധീനതയിലുള്ള ഇപ്പോഴത്തെ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും, ഗ്യാലറികളുടെ നവീകരണം, കഥകളിച്ചമയങ്ങളുടെ പുതുക്കിയ പ്രദർശനം, പൈതൃക ഗ്യാലറി സജ്ജീകരണം എന്നിവ നിർവ്വഹിക്കുകയുമുണ്ടായി. എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശത്തെച്ചൊല്ലി തിരുവിതാംകൂർ ദേവസ്വം ബോർഡ് ചില തർക്കങ്ങൾ ഉന്നയിക്കുകയും കെട്ടിടത്തിന്റെ തുടർന്നുള്ള അറ്റകുറ്റപ്പണികൾ നിലയ്ക്കുകയുമാണുണ്ടായത്.<br><br>സന്ദർശകരെ ആകർഷിക്കുന്ന തരത്തിലുള്ള ഒരു ക്ലാസിക്കൽ കലാമ്യൂസിയം ഇപ്പോൾ പ്രസ്തുത സ്മാരകത്തിൽ പ്രവർത്തിക്കുന്നുണ്ട്. കഥകളിയുടെ ചമയത്തോടുകൂടിയ പൂർണകായ |
| (ബി) | സന്ദർശകർക്കും കഥകളി ആസ്വാദകർക്കും പ്രയോജനപ്പെടും വിധം മ്യൂസിയത്തെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | | |

| | | | |
|---|---|---|---|
| | | | പ്രതിമകൾ, അപൂർവ്വങ്ങളായ നാട്യകലാ മുദ്രകൾ, പൈതൃക വസ്തുക്കൾ, നാണയശേഖരം, വാദ്യ ഉപകരണങ്ങൾ തുടങ്ങിയവ സന്ദർശകർക്കായി ഇവിടെ ഒരുക്കിയിട്ടുണ്ട്. കൂടുതൽ വികസന പ്രവർത്തനങ്ങൾ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ തർക്കം അവസാനിക്കുന്ന മുറയ്ക്ക് നിർവ്വഹിക്കുന്നതാണ്. 400 കൊല്ലത്തിലധികം പഴക്കമുള്ള കെട്ടിടം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**